## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 745 | 30/06/2011-ൽ മറുപടിക്ക്

### സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ലഭ്യമായ കേന്ദ്രഫണ്ടും വിനിയോഗവും

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ :

ഉത്തരം

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സംസ്ഥാനത്തിന് കേന്ദ്ര ഫണ്ട് ലഭ്യമായത് ഏതു വർഷം മുതൽക്കാണെന്ന് വ്യക്തമാക്കുമോ;

എ) 2002- 2003 സാമ്പത്തികവർഷം മുതലാണ് സർവ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സംസ്ഥാനത്തിന് കേന്ദ്രഫണ്ട് ലഭ്യമായത്.

ബി) അന്നു മുതൽ ഓരോ വർഷവും ലഭ്യമായ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ബി) 2002- 2003 മുതൽ 2010-2011 വരെ കേന്ദ്ര ഗവൺമെൻറിൽ നിന്നും ലഭിച്ച തുകയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(ലക്ഷത്തിൽ)

| | |
|---|---|
| 2002 - 2003 | 3259 .26 |
| 2003 - 2004 | 4966.00 |
| 2004 - 2005 | 8939.00 |
| 2005 - 2006 | 5939.00 |
| 2006 - 2007 | 4382 .00 |
| 2007 - 2008 | 10323.42 |
| 2008 - 2009 | 10854.04 |
| 2009 - 2010 | 11989.50 |
| 2010 - 2011 | 19660.73 |

സി) ഇങ്ങനെ ലഭ്യമായിട്ടുള്ള തുക ചെലവഴിക്കലിനെ സംബന്ധിച്ച് ഏത് ഏജൻസിയാണ് ഓഡിറ്റ് നടത്തി ഗവൺമെന്റിനു റിപ്പോർട്ടു നൽകുന്നതെന്നും വ്യക്തമാക്കുമോ;

സി) മാനുവൽ ഓൺ ഫിനാൻഷ്യൽ മാനേജ്മെൻറ് ആൻറ് പ്രൊക്യൂർമെൻറ് ഖണ്ഡിക 105.1 അനുസരിച്ച് എസ്.എസ്.എ. പദ്ധതി നടപ്പാക്കുന്ന സംസ്ഥാന നിർവഹണ സമിതി (State Implementation Societies) സൊസൈറ്റീസ് ആക്ട് 1860 അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സൊസൈറ്റിയാണ്. ശരിയായ കണക്കും ബന്ധപ്പെട്ട രേഖകളും സൂക്ഷിക്കേണ്ടതും വാർഷിക കണക്കുകൾ തയ്യാറാക്കേണ്ടതും ഈ സൊസൈറ്റിയുടെ ഉത്തരവാദിത്തമാണ്. സൊസൈറ്റീസ് നിയമവ്യവസ്ഥകളും ചട്ടങ്ങളും അനുസരിച്ച് ഇതിലേയ്ക്ക്

(.....2)

| | | | |
|---|---|---|---|
| | | | നിയമിക്കപ്പെടുന്ന ഒരു ചാർട്ടേഡ് അക്കൗണ്ടൻറ് സൊസൈറ്റി തയ്യാറാക്കുന്ന വാർഷിക കണക്ക് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചതിന് ശേഷം സർക്കാരിന് സമർപ്പിക്കാറുണ്ട് |
| ഡി) | ഏതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | ഡി) | 2009 - 2010 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. |
| ഇ) | പദ്ധതി നടത്തിപ്പിലെ അപാകത സംബന്ധിച്ചോ മാനദണ്ഡം പാലിക്കാതെ ധനവിനിയോഗം നടത്തിയതു സംബന്ധിച്ചോ ഏതെങ്കിലും വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോയെന്നും ഏതു വർഷത്തെ റിപ്പോർട്ടിലാണ് പരാമർശമെന്നും വ്യക്തമാക്കുമോ? | ഇ) | 2006 - 2007, 2008 - 2009 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ അധിക ചെലവുകൾ സംബന്ധിച്ച ചില അപാകതകൾ പരാമർശിച്ചിരുന്നു. 2006 - 2007 ലെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന അപാകതകൾ എസ്.എസ്.എ. യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി റെഗുലറൈസ് ചെയ്ത് വിവരം എം. എച്ച്. ആർ.ഡി യെ അറിയിച്ചിട്ടുണ്ട്. 2008 - 2009 ലെ ഓഡിറ്റ് റിപ്പോർട്ട് ബി.ആർ.സി., സി.ആർ.സി., മാനേജ്മെൻറ് ആൻറ് എം.ഐ.എസ്.എന്നിവയിൽ അധികമായി ചെലവായതുകയെ സംബന്ധിച്ച വിവരങ്ങൾ റഗുലറൈസ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ